# കേരളജലസേചന വകുപ്പ്

ഡി.ബി.നമ്പർ /ആക്ഷൻ പ്ലാൻ 2017-18

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
കെ.പി.ഐ.പി ഹെഡ് വർക്സ് സബ് ഡിവിഷൻ നമ്പർ 3
കാഞ്ഞിരപ്പുഴ,പിൻ-678591, തിയ്യതി : 06/01/2018.

## പുനർ ദർഘാസ് പരസ്യം

കേരളാ ഗവർണർക്കു വേണ്ടി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി സബ് ഡിവിഷൻ നമ്പർ 3, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കു വേണ്ടി കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ നിർദ്ദിഷ്ടയോഗ്യതയുള്ള അംഗീകൃതകരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും മുദ്രവെച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ രജിസ്ട്രേഡ് തപാലിൽ/സ്പീഡ് തപാലിൽ മാത്രം സ്വീകരിക്കുന്നതും (കൊറിയർ സ്വീകരിക്കുന്നതല്ല) ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത തിയ്യതികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്വീകരിക്കുന്നതും നിശ്ചിതസമയത്ത് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം ചുമതലപെടുത്തുന്ന ഉദ്യോഗസ്ഥനോ തുറക്കുന്നതുമാകുന്നു. തപാലിൽ വരുവുന്ന കാലതാമസത്തിന് കരാറുകാർ മാത്രം ഉത്തരവാദിയായിരിക്കും. ടെണ്ടർ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് തുറക്കുന്നതായിരിക്കും. പ്രവൃത്തികളുടെ ക്രമനമ്പർ, ദർഘാസ് നമ്പർ, പ്രവർത്തിയുടെ പേര്, ഏകദേശ അടങ്കൽ തുക, കരാറുകാരുടെ വിഭാഗം, പ്രവൃത്തികൾ തീർക്കേണ്ട കാലാവധി എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി | കരാറുകാരന്റെ വിഭാഗം |
|---|---|---|---|---|---|---|
| 1. | 12/2017-18 | കെ.പി.ഐ.പി വാർഷിക അറ്റകുറ്റപ്പണികൾ 2017-18 വലതുകര മെയിൻ കാനാലിന്റെ ചെയിനേജ് 7/200 മുതൽ വാലറ്റം വരെയുള്ള കനാലിലെ ആവശ്യമായ സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യലും ജലവിതരണസമയത്ത് തടസ്സം നീക്കലും, ജലവിതരണം സുഗമമാക്കുന്നതിനുള്ള മറ്റുപ്രവർത്തികളും. രൂപ.2,00,000/- | രൂപ 5,000/- | രൂപ 500/-+ നില വിലുള്ള GST | 30/11/18 | 'ഡി'യും 'ഡി'ക്കു മുകളിലും |

| | | | | | | |
|---|---|---|---|---|---|---|
| 2 | 13/2017-18 | കെ.പി.ഐ.പി-വാർഷിക അറ്റകുറ്റപ്പണികൾ 2017-18 - അരക്കുറിശ്ശി ഡിസ്ട്രിബ്യൂട്ടറിയിലെ ആവശ്യമായ സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യലും ജലവിതരണസമയത്ത് തടസ്സം നീക്കലും, ജലവിതരണം സുഗമമാക്കുന്നതിനുള്ള മറ്റു പ്രവർത്തികളും.<br>രൂപ.2,50,000/-. | രൂപ 6,250/- | രൂപ 500/-+ നില വിലുള്ള GST | 30/11/18 | ഡി'യും 'ഡി'ക്കു മുകളിലും |
| 3 | 14/2017-18 | കെ.പി.ഐ.പി-വാർഷിക അറ്റകുറ്റപ്പണികൾ 2017-18 - അരക്കുറിശ്ശി ഡിസ്ട്രിബ്യൂട്ടറിയിലെ ചെയ്നേജ് 6/800 മുതൽ വാലറ്റം വരെയുള്ള കാടു വെട്ടലും, ചെളി നീക്കം ചെയ്യലും ജലവിതരണം സുഗമമാക്കുന്നതിനുള്ള മറ്റു പ്രവർത്തികളും.<br>രൂപ.2,00,000/-. | രൂപ 5,000/- | രൂപ 500/-+ നില വിലുള്ള GST | 30/11/2018 | ഡി'യും 'ഡി'ക്കു മുകളിലും |
| 4 | 15/2017-18 | കെ.പി.ഐ.പി-വാർഷിക അറ്റകുറ്റപ്പണികൾ 2017-18 - അമ്പാഴക്കോട് ഫീൽഡ്ബൂത്തി ചെയ്നേജ് 0/200 മുതൽ 0/500 കി.മീ വരെ അഭിവൃദ്ധിപ്പെടുത്തലും മറ്റ് അറ്റകുറ്റ പ്രവർത്തികളും.<br>രൂപ.2,50,000/- | രൂപ 6,250/- | രൂപ 500/-+ വാറ്റ്+ സെസ്സ് | 10/03/18 | ഡി'യും 'ഡി'ക്കു മുകളിലും |

<u>ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന തിയ്യതി</u> = 15/01/2018 രാവിലെ 10 മുതൽ 16/01/2018 വൈകുന്നേരം 4 മണി വരെ.

**ദർഘാസുകൾ തപാലിൽ സ്വീകരിക്കുന്ന അവസാന തിയ്യതി** = 18/01/2018 ന് 02 പി.എം വരെ.

**ദർഘാസുകൾ തുറക്കുന്ന തിയ്യതിയും സമയവും** = 18/01/2018 3 മണിക്ക്.

ദർഘാസ് ഫോറങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മുകളിൽ കാണിച്ചിരിക്കുന്ന തിയ്യതികളിൽ ദർഘാസ് പ്രമാണത്തിന്റെ വിലയടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്.

ക്രമനമ്പർ 4 ലുള്ള പ്രവൃത്തി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിത പ്രവൃത്തികാളായതിനാൽ കരാർ ഉടമ്പടി വെച്ചതിനു ശേഷം 10 ദിവസത്തിനകം ആരംഭിക്കേണ്ടതും ഇല്ലെങ്കിൽ കരാർ റദ്ദു ചെയ്ത് പുനർ ദർഘാസ് ക്ഷണിക്കുന്നതുമാണ്. പ്രസ്തുത പ്രവൃത്തികളെല്ലാം തന്നെ 2018 മാർച്ച് 10 നകം പൂർത്തീകരിക്കേണ്ടതാണ്, യാതൊരു കാരണവശാലും സമയ പരിധി നീട്ടി നൽകുന്നതല്ല.

ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തുന്ന നിരക്ക് രണ്ട് ദശാംശ സംഖ്യയിലേക്ക് നിജപ്പെടുത്തേണ്ടതാണ്. കേരള പൊതുമരാമത്ത്/ജലസേചനവകുപ്പിൽ ദർഘാസിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിനൊപ്പം 200 (ഇരുനൂറ്) രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും ഏതെങ്കിലും ദേശസാൽകൃത ബാങ്കുകളുടെ യോ, മറ്റ് അംഗീകൃതബാങ്കുകളുടെയോ ആയിരിക്കുകയും അദ്ദേഹത്തിന് ഏത് സമയത്തും മാറ്റത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ 1% (ഒരു ശതമാനം) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാദ്ധ്യസ്ഥനാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
കെ.പി.ഐ.പി. സബ് ഹെഡ് വർക്സ് ഡിവിഷൻ നമ്പർ 3
കാഞ്ഞിരപ്പുഴ പി.ഒ.
പാലക്കാട് ജില്ല, പിൻ – 678 591, ഫോൺ : 04924 238110.

അബ്ദുള്ള.ഇ.കെ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരളാഗവർണ്ണർക്കുവേണ്ടി)